# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*226 — 05.10.2016-ൽ മറുപടിയ്ക്ക്

## 'സംസ്ഥാനത്ത് ശക്തിപ്പെടുന്ന വർഗ്ഗീയതയും ജാതീയതയും'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. പി. ഉണ്ണി: | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| എ) രാജ്യത്ത് ഉരുത്തിരിഞ്ഞിട്ടുള്ള സാഹചര്യങ്ങൾ കൊണ്ട് സംസ്ഥാനത്ത് വർഗ്ഗീയതയും ജാതീയതയും ശക്തിപ്പെട്ടുവരുന്നത് ഗൗരവ പൂർവ്വമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | എ) രാജ്യത്ത് ഉരുത്തിരിഞ്ഞിട്ടുള്ള സാഹചര്യങ്ങൾ കൊണ്ട് സംസ്ഥാനത്ത് വർഗ്ഗീയതയും ജാതീയതയും ശക്തിപ്രാപിക്കുവാൻ ശ്രമങ്ങൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്താൻ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കി വരുന്നു. |
| ബി) ഇത്തരം സാമൂഹ്യഛിദ്രശക്തികളെ ആശയപരമായി നേരിടുന്നതിന് സാംസ്കാരിക രംഗത്തെ പ്രാപ്തമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | ബി) സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ ഗുണപ്രദമായി ഇടപെടാൻ തക്കവിധം സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. മതേതര സംസ്കാരം അനുവർത്തിച്ച് പോരുന്ന നമ്മുടെ സമൂഹത്തെ, അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും സാമൂഹ്യ ഛിദ്ര ശക്തികളുടെ വെല്ലുവിളികൾ ആശയപരമായി നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ആദ്യ പടിയാണ് 'നമുക്ക് ജാതിയോ മതമോ ഇല്ല' എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയ്യെടുത്തത്. ഈ പരിപാടി സംസ്ഥാന മൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്. |

| | |
|---|---|
| സി) സാംസ്കാരിക പ്രതീകങ്ങളെയും പൊതു ആഘോഷങ്ങളെയും നവോത്ഥാന നായകരെയും സാമൂഹ്യ പരിഷ്കർത്താക്കളെയും സാമൂഹ്യവിരുദ്ധ ശക്തികൾ ദുരുപയോഗം ചെയ്യുന്ന പ്രവണത തടയാനായി സാംസ്കാരിക തലത്തിൽ സർക്കാർ ഇടപെടലുണ്ടാകുമോ? | സി) മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ സാംസ്കാരികമായ ഉന്നതി വളർത്തി സാമുദായിക വർഗ്ഗീയ ചേരിതിരിവ് ഒരളവ് വരെ കുറക്കുന്നതിനും 'ജാതിയില്ലാ വിളംബരം' വാർഷികം പോലുള്ള ആഘോഷം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും നവോത്ഥാന നായകരുടെ പേരും ആശയങ്ങളും ദുരുപയോഗിക്കുന്നത് തടയാനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും വർഗ്ഗീയതയെയും ജാതീയതയെയും ആശയ പരമായി നേരിടുന്നതിനായി വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ മുഖേന ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**